LIBRARY ARCHIVES Kerala Legislative Assembly

ചാലക്കുടി കെ.എസ്.ആർ.ടി.സി. സ്റ്റാൻഡിൽ നിന്നുമുള്ള ബസ്സ് സർവ്വീസ്

355 (2230) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ വർഷത്തെ ശബരിമല സീസൺ ആരംഭത്തിൽ തന്നെ ചാലക്കുടി കെ.എസ്.ആർ.ടി.സി. സ്റ്റാൻഡിൽനിന്നും പമ്പയിലേക്ക് ബസ്സ് സർവ്വീസ് ആരംഭിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ;

(ബി) ചാലക്കുടിയിൽനിന്നും അതിരപ്പിള്ളി, മലക്കപ്പാറ, വാൽപ്പാറ, പൊള്ളാച്ചിവഴി പഴനിയിലേക്ക് അന്തർസംസ്ഥാന സർവ്വീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇതിനായി അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) മതിയായ യാത്രക്കാരെ ലഭ്യമാകാത്തതിനാൽ ചാലക്കുടിയിൽനിന്നും പമ്പയിലേയ്ക്ക് പ്രതിദിന സർവ്വീസ് നടത്തുന്ന കാര്യം പരിഗണനയിലില്ല. എന്നാൽ 40 പേർ ഒരുമിച്ച് വന്നാൽ ഏത് ഡിപ്പോയിൽ നിന്നും സർവ്വീസ് നടത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുമുണ്ട്.

(ബി) നിലവിലുള്ള അന്തർസംസ്ഥാന കരാറിൽ വ്യവസ്ഥ ഇല്ലാത്തതിനാൽ ചാലക്കുടിയിൽനിന്നും അതിരപ്പിള്ളി, മലക്കപ്പാറ, വാൽപ്പാറ, പൊള്ളാച്ചിവഴി പഴനിയിലേക്ക് അന്തർസംസ്ഥാന സർവ്വീസ് ആരംഭിക്കണമെന്ന ആവശ്യം ഇപ്പോൾ പരിഗണിക്കുവാൻ കഴിയുകയില്ല.

മോട്ടോർ വാഹന വകുപ്പിൽ നികുതികളും മറ്റും ഓൺലൈനായി അടയ്ക്കാനുള്ള സംവിധാനം

356 (2231) ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. പാലോട് രവി :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മോട്ടോർ വാഹന വകുപ്പിൽ നികുതികളും മറ്റും ഓൺലൈനായി അടയ്ക്കാനുള്ള സംവിധാനത്തിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കുന്നത്; വിശദമാക്കുമോ ;

(സി) പ്രസ്തുത പദ്ധതിയുമായി സഹകരിക്കുന്നത് ആരെല്ലാമാണ്;

(ഡി) പ്രസ്തുത പദ്ധതി നിർവ്വഹണത്തിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. എന്നാൽ എല്ലാത്തരം വാഹനങ്ങളുടേയും നികുതി ഓൺലൈൻ ആയി അടയ്ക്കുന്നതിനുള്ള സംവിധാനം ആയിട്ടില്ല.

(ബി) ജനങ്ങൾക്ക് സൗകര്യപ്രദമായി വീട്ടിൽ ഇരുന്നുപോലും നികുതി അടയ്ക്കുന്നതിന് സംവിധാനം ഉണ്ടാക്കുക, ഇടനിലക്കാരെ ഒഴിവാക്കിക്കൊണ്ട് അഴിമതി തടയുക എന്നിവയാണ് ഉദ്ദേശ്യലക്ഷ്യങ്ങൾ. എല്ലാവർക്കും വേണ്ട നിർദ്ദേശങ്ങളും സൗകര്യങ്ങളും മോട്ടോർ വാഹന വകുപ്പിന്റെ വെബ്സൈറ്റിൽ നൽകിയിട്ടുണ്ട്.

(സി) എസ്.ബി.ടി., എസ്.ബി.ഐ. എന്നീ ബാങ്കുകളും, സോഫ്റ്റ്വെയർ ഡെവലപ്പർ ആയ എൻ.ഐ.സി.-യുമാണ് പദ്ധതിയുമായി സഹകരിക്കുന്നത്.

(ഡി) മോട്ടോർ വാഹന നികുതി നിയമം, മോട്ടോർ വാഹന നികുതി ചട്ടം എന്നിവ പരിഷ്കരിക്കുവാനുള്ള നടപടികൾ നടന്നുവരുന്നു.

മാവേലിക്കര മണ്ഡലത്തിൽ ഗതാഗത വകുപ്പ് നടപ്പാക്കിയ പദ്ധതികൾ

357 (2232) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം നാളിതുവരെ ഗതാഗതവകുപ്പ് മാവേലിക്കര മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെയും പ്രവൃത്തികളുടെയും വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) സംസ്ഥാനത്തെ ആർ.ടി. ഓഫീസുകളിൽ അത്യാവശ്യ സേവനങ്ങൾ ബുധനാഴ്ചകളിലും ചെയ്തു കൊടുക്കണമെന്ന ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ; പ്രസ്തുത ഉത്തരവ് ആർ.ടി. ഓഫീസുകൾ നടപ്പിലാക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വ്യക്തമാക്കുമോ ; ഈ ഉത്തരവ് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ; ഉത്തരവ് നടപ്പിലാക്കുന്നതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly